ലേഖനം

സമദ് കുന്നക്കാവ്

# മതംമാറ്റം ഒരു സമകാലിക വായന

***ഒരുനാൾ*** *ഉച്ചക്ക് അവൾ തെക്കിനിത്തറയിൽ ചിന്താശൂന്യയായിരിക്കുകയാണ്. പെട്ടെന്ന് കാരണവർ കിതച്ചുകൊണ്ട് ചവിട്ടിക്കയറി വന്നുവിളിച്ചു: "കുഞ്ചുക്കുട്ടി!"*

*"ഉം?"*

*"അവരതാ വര്ണൂ!"*

*"ആര്?"*

*"ഖിലാഫത്തുകാര്?"*

*"ആര്?"*

*"ലഹളക്കാരേയ്. ഇല്ലത്തെ പത്തായപ്പുരയിലേക്കു വന്നുതുടങ്ങിയെന്നോ വന്നുവെന്നോ ഒക്കെ കേട്ടു."*

*ലഹളയെസംബന്ധിച്ച് എമ്പാടും കഥകൾ മുമ്പുതന്നെ നാട്ടുമ്പുറങ്ങളിൽ പ്രചരിച്ചിരുന്നു. കുളക്കടവുകളിലും അമ്പലമുറ്റത്തും മുക്കൂട്ട പെരുവഴികളിലും അതു ചർച്ചാ വിഷയമായിട്ടുണ്ട്. കൊലയുടെയും കൊള്ളയുടെയും തോലുരിയലിന്റെയും കഥകളായിരുന്നു പ്രചരിച്ചിരുന്നത്. മുന്നൂറ്റിച്ചില്വാനം ഹിന്ദുസ്ത്രീകളിൽനിന്നായി അറുനൂറിൽപരം മുലകൾ ചെത്തിയെടുത്തതായി ഒരുകഥ പ്രചരിച്ചു. അവ വഴിപാടുചിരട്ട കൂട്ടിയിട്ടപോലെ കൂട്ടിയിട്ടിരിക്കുകയാണ്. പിന്നെ എണ്ണൂറ്റിച്ചില്വാനം മൂക്കരിഞ്ഞ കഥയാണ് പ്രചരിച്ചത്. മൂക്കുകൾ നഷ്ടപ്പെട്ടത് പുരുഷന്മാർക്കാണ്.*

■ ഉറൂബ്



■ എം.ടി വാസുദേവൻ നായർ



*"കുണ്ടോട്ടി അങ്ങാടീല് മനുഷ്യത്തോല് കൊണ്ടാണത്രേ ചെരുപ്പുണ്ടാക്കുന്നത്!" കുളക്കടവിൽ വെച്ച് ഒരാൾ പറയുന്നത് കേട്ടു.*

*"നേരോ?" വേറൊരാൾ അത്ഭുതപ്പെട്ടു.*

*"പിന്നെ പൂക്കോട്ടൂരൊക്കെ അവരു പിടിച്ചടക്കിയത്രേ. അമ്പലമൊക്കെ നിസ്കാരപ്പള്ളിയാക്കി മാറ്റി!"*

*"എന്റെ ഈശ്വരന്മാരേ!"*

*"ശരാശരാന്ന് ആളുകളെ പിടിച്ചു മാർഗം കൂട്ടുന്നുണ്ടത്രേ!"*

*"സർക്കാര് ഇത് നോക്കി നിൽക്കാണോ?"*

*"യുദ്ധം നടക്കുന്നുണ്ടത്രേ. ഇന്നലെ അയ്യപ്പൻ നായര് ചന്തയിൽ നിന്നു വന്നപ്പോ എന്തൊക്കെ കഥയാ പറഞ്ഞത്?"*

*"കലിവന്നു!"*

*"കലി മുഴുത്തു!"*

*"ചേലക്കലാപം പോലെതന്നെ." ഒരാൾ തന്റെ ചരിത്രബോധം വെളിപ്പെടുത്തി.*

*"എന്തിനാ ഇവര് പുറപ്പെടുന്നത്?"*

*"രാജ്യം പിടിക്കാനും കൊള്ളയടിക്കാനും."*

*"മാർഗം കൂട്ടുന്നതോ?"*

*"അവരൊക്കെ മാപ്പിളമാരല്ലേ?"*

*"ഗാന്ധീം മാപ്പിളയാ?"*

*"പിന്നല്ലേ! അപ്പുക്കുട്ടൻ ഇന്നാള് അയാളുടെ ചിത്രം കാട്ടിത്തന്നു. തലമൊട്ടയടിച്ചു തൊപ്പിയും വെച്ചിട്ടുണ്ട്."*

*"എന്റെ തേവരേ! അവിടുന്നന്നെ കാത്തോളണേ!"*

(*സുന്ദരികളും സുന്ദരന്മാരും* - ഉറൂബ്)

പതിനൊന്നാം നൂറ്റാണ്ടുമുതൽ തുടങ്ങുന്ന മുസ്‌ലിം ഭരണാധികാര ജീവിതത്തെ സാമ്രാജ്യത്വ, പൗരസ്ത്യ, തദ്ദേശീയ ചരിത്രാഖ്യായകരടങ്ങുന്ന മുക്കൂട്ടു മുന്നണി വികലമാക്കി രൂപപ്പെടുത്തി മുഖ്യധാരാ മണ്ഡലത്തിനകത്ത് പ്രതിഷ്ഠിച്ചതോടെ ഉടലെടുത്തതാണ് മുസ്‌ലിമിനെക്കുറിച്ചുള്ള ശത്രു, അക്രമി, അപരൻ എന്നീ പ്രതിഛായകൾ. മുസ്‌ലിംകൾ പൊതുവിൽ ഈ മധ്യകാല കാഴ്ചപ്പാടിന്റെ ഉറഞ്ഞു തുള്ളുന്ന കോമരങ്ങളായിട്ടാണ് ഇന്നും അവതരിപ്പിക്കപ്പെടുന്നത്. ഒരു കൈയിൽ വാളും മറു കൈയിൽ ഖുർആനുമെന്ന വാർപ്പുമാതൃക രൂപഭാവങ്ങളിലെ ഭേദഗതികളോടെ മുൻവിധികൾക്ക് മരണമില്ലാത്ത ജനമനസ്സുകളിൽ തളംകെട്ടി നിൽക്കുന്നു. മുഗൾ ചക്രവർത്തിയായ ബാബർ ഇന്ത്യയിൽ കാലൂന്നുന്നത് ലോധിവംശത്തിന്റെ ഭരണത്തിൽ അസംതൃപ്തരായ ജനങ്ങൾ സമർപ്പിച്ച സങ്കടഹർജിയുടെ ബലത്തിലായിരുന്നില്ല; ഹിന്ദുരാജാവായ റാണാ സംഗയുടെ ക്ഷണപ്രകാരമായിരുന്നുവെന്നതാണ് സത്യം. എന്നിട്ടും പ്രബുദ്ധ കൈരളിയുടെ ഏതോ ഒരു കുഗ്രാമത്തിൽ പിറവിയെടുക്കുന്ന ഓരോ മുസ്‌ലിം നാമധാരിയെയും അക്രമിയായ ബാബറിന്റെ പേരക്കുട്ടിയാക്കിക്കൊണ്ടാണ് ഫാഷിസ്റ്റുകൾ രജിസ്ട്രറിൽ ചേർക്കുന്നത്. ജനാധിപത്യപരമായ ആശയ സംവാദങ്ങൾക്ക് അകാലമരണം സംഭവിക്കുന്ന ഇക്കാലത്ത് ശരാശരി മലയാളികളുടെ കാഴ്ചകൾക്കും മൃദു ഹിന്ദുത്വത്തിന്റെ തിമിരം മൂലം വെള്ളെഴുത്ത് ബാധിച്ചിരിക്കുന്നു. അതിനാൽ വോട്ടിംഗ് ശതമാനത്തിന്റെ സൂചികകളെ അപ്രസക്തമാക്കി ഫാഷിസത്തിന്റെ സാംസ്കാരിക ബോധങ്ങൾക്ക് നമ്മുടെ പൊതുബോധത്തിനകത്ത് സ്വാധീനം കൈവന്നിരിക്കുന്നു. ഇതിന്റെ സമീപ തെളിവുകളിലൊന്നായിരുന്നു നമ്മുടെ മാധ്യമങ്ങളും നിയമസമീക്ഷകരും സംഘ്പരിവാറിനോടൊപ്പം ചേർന്ന് നടത്തിയ 'ലവ്

ജിഹാദ്', 'റോമിയോ ജിഹാദ്' എന്നീ സംയുക്താഭ്യാസങ്ങൾ.

ബ്രാഹ്മണീയ മൂല്യമണ്ഡലം ഉൽപാദിപ്പിച്ച നമ്മുടെ സാമാന്യ ബോധം എന്നും ചതുർഥിയോടെ വീക്ഷിച്ച ഒന്നാണ് മതപരിവർത്തനം. ദാർശനിക തലങ്ങളിൽ കൗശലപൂർവം മൗനം ദീക്ഷിച്ച് വൈകാരികതലങ്ങളിൽ വെടിമരുന്ന് കത്തിക്കാനുള്ള ചൂട്ടായി അത് നിലനിൽക്കുന്നു. എം.ടിയുടെ *നാലുകെട്ടി*ലെ അപ്പുവിൽ നിന്നും *കാല*ത്തിലെ സേതുവിൽനിന്നും വ്യത്യസ്തമായി *അസുരവിത്തി*ലെ ഗോവിന്ദൻകുട്ടി എല്ലാവർക്കും അസുരവിത്താകുന്നത് പൊന്നാനിയിൽപോയി അബ്ദുവായി വരുന്നതുകൊണ്ടാണല്ലോ. സാമ്രാജ്യ ശക്തിയുടെ അധികാര ഖഡ്ഗത്തിൻ കീഴിൽ സന്ദിഗ്ധമായി വിറകൊണ്ട് നിന്ന നാളിൽ നിന്നും ഇന്ത്യൻ സ്വാതന്ത്ര്യത്തിന്റെ ആത്മബോധങ്ങൾ പ്രതിഫലിച്ചത് ദേശീയ പ്രസ്ഥാനങ്ങളിലൂടെയും അത് പോറ്റിവളർത്തിയ ഖിലാഫത്ത് പ്രസ്ഥാനത്തിലൂടെയുമായിരുന്നു. 1921-ൽ മലബാർ ഗ്രാമങ്ങളിൽ അലയടിച്ച ആ സ്വാതന്ത്ര്യ പോരാട്ടങ്ങളെ പക്ഷേ മതഭ്രാന്ത് മൂത്ത മാപ്പിളമാരുടെ ഹിംസാത്മക ലഹളകളായി കാണാനായിരുന്നു സാമ്പ്രദായിക ചരിത്രാഖ്യായകർക്കിഷ്ടം. അതിന്നവർക്ക് ഇന്ധനമേകിയത് നിർബന്ധ മതംമാറ്റമെന്ന കുപ്രചാരണവുമായിരുന്നു. അങ്ങനെ വാരിയൻകുന്നത്ത് കുഞ്ഞഹമ്മദ് ഹാജിയും സംഘക്കാരും നടത്തിയ നിർബന്ധ മതപരിവർത്തനത്തിന്റെ ചോരമണക്കുന്ന കഥകൾ മോക്ഷം കിട്ടാതെ അനാഥപ്രേതങ്ങൾ പോലെ വിറങ്ങലിച്ചുനിന്നു. പൂഴിക്കൽ നായരുടെ കിണറ്റിൽനിന്നും തുവ്വൂരിലെ കിണറുകളിൽനിന്നും ഉറവയെടുക്കുന്നത് വെള്ളമല്ലെന്നും നായന്മാരുടെ ചോരയായിരുന്നെന്നും നമ്മെ ചൊല്ലിപ്പഠിപ്പിക്കുകയും നാം കേട്ടുചൊല്ലുകയും ചെയ്തു. ഒരുപക്ഷേ അവിശ്വസനീയമായി തോന്നാമെങ്കിലും മഹാത്മാഗാന്ധി മലബാർ പ്രശ്നങ്ങളുമായി ബന്ധപ്പെട്ട് നടത്തിയ പ്രസ്താവന ഇതിലേക്ക് ചേർത്ത് വായിക്കേണ്ടതാണ്. "മാപ്പിളമാർ കാണിച്ച ഭ്രാന്തിനെ മുസ്‌ലിംകൾ വാക്കാൽ തള്ളിപ്പറഞ്ഞതുകൊണ്ട് ആയില്ല. അത് മുസൽമാന്മാരുടെ സൗഹാർദത്തിന്റെ തെളിവല്ല. ബലാൽക്കാരമായ മതംമാറ്റങ്ങളെയും സ്വത്തുകൊള്ളയടിച്ചതിനെയും സംബന്ധിച്ച മാപ്പിളമാരുടെ നടപടിയിൽ മുസൽമാന് സ്വാഭാവികമായി ലജ്ജയും അപമാനവും തോന്നണം. ഏറ്റവും ഹാലിളകിയവരുടെ ഭാഗത്തു നിന്നുപോലും ഇത്തരം കാര്യങ്ങൾ അസാധ്യമായിത്തീരുന്ന വിധം അവർ നിശ്ശബ്ദരായും ഫലപ്രദമായും പ്രവർത്തിക്കണം." ആധുനിക ഇന്ത്യയിലെ ഹിന്ദു-മുസ്‌ലിം ഐക്യത്തിന്റെ ഏറ്റവും ശക്തനായ വക്താവായിരുന്ന ഗാന്ധിജി പോലും ഈയൊരു സമീപനം നിർദേശിക്കുന്നതിലൂടെ സാമൂഹിക മണ്ഡലത്തിലാകെ വികസിച്ച് വന്ന ഖിലാഫത്ത് വിരുദ്ധ പ്രചാരണങ്ങളെയും മതംമാറ്റ പ്രചാരണങ്ങളെയും അറിഞ്ഞോ അറിയാതെയോ സ്വാംശീകരിക്കുകയാണ് ചെയ്തത്.

മതംമാറ്റം നമുക്കിന്നും പുളിച്ചുതികട്ടാവുന്ന ഒരു ജനാധിപത്യ മൂല്യമാണ്. പരിവർത്തനം ചെയ്യപ്പെടുന്നത് വിശിഷ്യാ ഇസ്‌ലാമിലേക്കാണെങ്കിൽ ആധുനിക സവർണ മൂല്യമണ്ഡലത്തെ ഗർഭംധരിച്ച മതേതരരുടെ പൊയ്മുഖത്ത് മനുവിന്റെ കൊമ്പും പല്ലും പ്രത്യക്ഷപ്പെടും. മതേതരത്വ മുദ്രാവാക്യങ്ങൾക്ക് എത്രമാത്രം വീറ് കൂടുന്നുവോ അത്രതോതിൽ കൊമ്പുകൾക്കും പല്ലുകൾക്കു നീളം വർധിക്കും. *ജന്മഭൂമി*യുടെ എഡിറ്റോറിയൽ ശൈലിയിൽ *ജനശക്തി* വാരിക സംസാരിക്കുന്നത് അപ്പോഴാണ്. അന്യന്റെ വാക്കുകൾ സംഗീതം പോലെ ആസ്വദിക്കുന്ന ജനാധിപത്യത്തിന്റെ ഉള്ളുതുറന്ന സംവാദസദസ്സുകൾ നമുക്കിന്ന് കാൽപനിക ലോകമാണ്. അതിനാൽ നിലവിലെ വ്യവഹാര പട്ടങ്ങൾക്ക് മതംമാറ്റത്തോട് സർഗാത്മകമായി സംവദിക്കാനോ ജനാധിപത്യ പരിഗണന വെച്ചുപുലർത്താനോ ഉള്ള ചൊടിയും ചുണയും നഷ്ടപ്പെ

ട്ടിരിക്കുന്നു. കൊണ്ടാടപ്പെട്ട പ്രണയ പ്രചോദകമായ മതംമാറ്റങ്ങളോടും അതിനായുള്ള പ്രയത്നങ്ങളോടും വിയോജിപ്പ് പുലർത്തുമ്പോൾ തന്നെ ഒരുവേള നമ്മെ ചിരിപ്പി ക്കുകയും ചിന്തിപ്പിക്കുകയും ചെയ്യുന്ന ഒരു വൈരുധ്യാത്മക യാഥാർഥ്യമുണ്ട്. ഒരു ഭാഗത്ത് മിശ്രവിവാഹങ്ങളെയും അതിനെ ഉജ്ജ്വലിപ്പിക്കുന്ന പ്രണയപർവങ്ങളെയും അതിൽ ഭാഗഭാക്കാവുന്ന റോമിയോ-ജൂലിയറ്റുകളെയും സാമൂഹിക വിപ്ലവത്തിന്റെ പ്രോജ്വല പ്രതീകങ്ങളാക്കി ആഘോഷിക്കുക. അതിൽ വിരിയുന്ന 'മതമില്ലാത്ത ജീവനു'കൾക്കാവശ്യമായ ആജീവനാന്ത ചെലവ് പതിച്ച് നൽകുക. ഇത് സെക്യു ലർ മോഡേണിറ്റി നൊന്ത് പ്രസവിച്ച ഒരു പൊതുമൂല്യമാണ്. അതിനാൽ ജാരസന്ത തികളായ കുഞ്ഞുങ്ങൾക്ക് ആ മൂല്യമണ്ഡലം ഒരിക്കലും മുലപ്പാൽ ചുരത്തില്ല. ആധു നിക മതേതരത്വം പണിതെടുത്ത ഈ അമ്മത്തൊട്ടിലിൽ അവർ ചുരത്തിയ അമ്മി ഞ്ഞപ്പാൽ നുണഞ്ഞുകിടക്കുമ്പോഴാണ് പി. പരമേശ്വരൻ കമലാസുറയ്യയെ വെറു ത്തതും ശൈഖ് മുഹമ്മദ് കാരകുന്ന് കലവറയില്ലാതെ സ്നേഹിച്ചതും ഒരേ പ്രത്യയ ശാസ്ത്രത്തിന്റെ അടിസ്ഥാനത്തിലായിരുന്നുവെന്ന് ഷാജഹാൻ മാടമ്പാട്ടിന് തോന്നി പ്പോകുന്നത്.

## ഫാഷിസത്തിന്റെ സാംസ്കാരിക കർസേവകൾ

*എങ്ങനെയാണ് രാവിലെ ഏഴര മണിസമയത്ത് അഞ്ചുകിലോമീറ്റർ ദൂരെയുള്ള ഒരു ഗ്രാമത്തിൽ ഉള്ള ടൈപ്പ്റൈറ്റിംഗ് ഇൻസ്റ്റിറ്റ്യൂട്ടിൽ വെച്ച് പെൺകുട്ടികളെ നഗ്ന രാക്കി മുസ്‌ലിം കശ്മലന്മാർ തെരുവിൽകൂടി നടത്തി എന്നുള്ള വാർത്ത പ്രചരിക്കാ നിടയായതെന്ന് ആരും അന്വേഷിക്കാറില്ല. രാവിലെ എഴുന്നേൽക്കുമ്പോഴാണ് തല ശ്ശേരിക്കാർ ഇത് കേട്ടത്. ഏഴര മണിക്ക് തലശ്ശേരിയിൽ ഉടനീളം ഈ വാർത്ത പറ ഞ്ഞുകൊണ്ടുനടന്നു. പിന്നെ കേട്ടത് ഹിന്ദു പെൺകുട്ടികളെ നഗ്നരാക്കി ബി.ഇ. എം.പി സ്കൂളിന്റെ മുന്നിലൂടെ നടത്തിച്ചുവെന്നതായിരുന്നു. ഇതോടെ ഹിന്ദുക്കളെല്ലാം ഇളകിമറിയുകയും നമ്മൾ എന്തെങ്കിലും കരുതുന്നതിന്റെ മുമ്പ് തന്നെ അവർ മുസ്‌ലിം പള്ളികൾക്ക് നേരെ കല്ലേറിയുകയും ചെയ്തു കഴിഞ്ഞിരുന്നു. തുറക്കാത്ത ടൈപ്പ്റൈ റ്റിംഗ് ഇൻസ്റ്റിറ്റ്യൂട്ടിലേക്ക് പോകുമ്പോൾ എങ്ങനെയാണ് പെൺകുട്ടികളെ അപമാനി ക്കുക എന്ന് ഒരു ഗവേഷകനും ഓർത്തില്ല. ഒരു കാര്യം പറയുമ്പോൾ അത് വസ്തു താപരമായ അഭിപ്രായമാകണമെന്നുള്ള മൗഢ്യം ഫാഷിസത്തിനില്ല. അതുകൊണ്ട് വിദഗ്ധനായ ഒരു കള്ളൻ 'ഇതാ കള്ളൻ വരുന്നു' എന്നു പറഞ്ഞ് ഓടിക്കൊണ്ടിരി ക്കുമ്പോൾ നമ്മൾ അയാളുടെ പിന്നാലെ ഓടുകയും ഒരിക്കലും യഥാർഥ കള്ളനെ പിടിക്കാൻ കഴിയാതെ വരികയും ചെയ്യും. കള്ളന് രക്ഷപ്പെടാനുള്ള ഏറ്റവും ഫല പ്രദമായ മാർഗം 'ഇതാ കള്ളൻ വരുന്നു' എന്നു പറഞ്ഞ് മുമ്പിൽ ഓടുക എന്നുള്ള താണ്* (എം.എൻ വിജയൻ).

ശുദ്ധ പൈതൃകത്തിന്റെയും സാംസ്കാരിക ദേശീയതയുടെയും പൊയ്ക്കാലു കളിൽ കയറിയാണ് ഫാഷിസം ചരിത്രത്തിൽ എന്നും മാനവികതയെ കടന്നാക്രമിച്ചി ട്ടുള്ളത്. മുസ്‌ലിംകളിൽ നിന്നു ഭിന്നമായ പൊതു ഹിന്ദുസമൂഹത്തെ ആശയപര മായി സ്ഥാപിച്ചെടുത്ത് ഒരു അഖണ്ഡ ഹിന്ദു രാഷ്ട്രത്തെ പ്രതിനിധാനം ചെയ്യുക എന്നതാണ് അതിന്റെ ആത്യന്തിക ലക്ഷ്യം. സ്വന്തം താമര വളരേണ്ടത് തങ്ങളുടെ സാംസ്കാരിക ചളിക്കുളത്തിലല്ല അന്യന്റെ ചോരച്ചാലിലാണെന്ന തത്ത്വശാസ്ത്ര മാണ് അതിനെ അടക്കിഭരിക്കുന്നത്. പക്ഷേ, സാംസ്കാരിക കർസേവകൾ എത്ര മാത്രം നടമാടിയിട്ടും കേരളത്തിൽ തങ്ങളാഗ്രഹിക്കുംവിധം ഗോമാതാവ് ചോരചിന്താ

**കേരളത്തിന്റെ സാംസ്കാരിക നവോത്ഥാന ചരിത്രത്തിൽ മതപരിവർത്തനം നിർവഹിച്ച പങ്കിനെ വിസ്മരിക്കുന്നവർ ആത്യന്തികമായി പൗരാവകാശങ്ങളെയാണ് പുഛിക്കുന്നത്. നാവിക സേനക്കായി ജീവൻ ബലി നൽകാൻ തയാറുള്ള വിദഗ്ധന്മാരെ വളർത്താനുള്ള ഉദ്ദേശ്യത്തോടെ മുക്കുവ കുടുംബങ്ങളോട് അവരുടെ ആൺമക്കളിലൊരാളെ മുസ്‌ലിമായി വളർത്തണം എന്ന് പ്രഖ്യാപിക്കുന്ന സാമൂതിരിയുടെ പൈതൃകം നമ്മുടെ കേരളീയ സംസ്കൃതിക്കുണ്ട്.**





■ കെ.പി രാമനുണ്ണി ■ എം.എൻ വിജയൻ

---

നവസരം തരാത്തതിൽ ഇത്രനാളും അവർ കുണ്ഠിതരായിരുന്നു. സമീപകാല ചരിത്രത്തിലെ ഏറ്റവും ഭയാനകമായ അധികാര-ഹിംസ യന്ത്രങ്ങൾക്ക് രൂപംനൽകുന്നതിൽ ഭരണകൂടങ്ങളെക്കാൾ വലിയ പങ്ക് പൗരസമൂഹത്തിന്റെ സാംസ്കാരിക ഇടങ്ങൾക്കുണ്ടെന്ന തിരിച്ചറിവ് അതിനാൽ വൈകിയ ഈ വേളയിലും അവർ ആർജിച്ചെടുത്തിരിക്കുന്നു. ഇസ്‌ലാമികമായ എല്ലാറ്റിനെയും വെറുക്കാനും നശിപ്പിക്കാനും പരിശീലിപ്പിക്കുന്ന മൂല്യബോധവും ആശയ ലോകവുമാണ് സമീപകാലത്ത് സംഘപരിവാർ വ്യാപകമായി പ്രചരിപ്പിച്ചുകൊണ്ടിരിക്കുന്നത്. അയൽവാസിയെ ശത്രുവും വിദേശിയുമാക്കുന്ന ഒരു 'മൂല്യബോധ'ത്തിന്റെ വിളംബരക്കാരായി മാറിയിരിക്കുകയാണ് ഇന്ന് ആർഷ ധർമവാദികൾ. പൗര സമൂഹത്തെ സംസ്കാര രഹിതരാക്കിക്കൊണ്ടും ഹിംസാത്മകവും പ്രാകൃതവുമായ രീതിയിൽ പരിവർത്തിപ്പിച്ചുകൊണ്ടും സംഘ് കുബുദ്ധികളുടെ അശ്വമേധം ഇവിടെ പ്രയാണം നടത്തുന്നുണ്ട്. കൊണ്ടുപിടിച്ച ഈ ശ്രമങ്ങളുടെ പ്രതിഫലനങ്ങൾ പുറ്റുകളിൽനിന്ന് തലനീട്ടി പയ്യെപയ്യെ പത്തി വിടർത്തി തുടങ്ങിയിരിക്കുന്നു.

*"നമ്മുടെ ദൈവത്തിന്റെ ലോട്ടറി ഒരു മാപ്ലയടിച്ചതാ എനിക്ക് ദഹിക്കാത്തെ മാഷേ."*

*ബണ്ണിന്റെ ഒരു കഷ്ണം പറിച്ചെടുത്ത് കട്ടൻ ചായയിൽ മുഴുവനായും മുക്കിയെടുത്ത് പല്ലില്ലാത്ത വായിലിട്ട് ഞപ്പിക്കവെ കുഞ്ഞനന്തൻ പറഞ്ഞു. അവശേഷിച്ച പല്ലുകളും അടുത്തിടെ കൊഴിച്ചെടുത്തത് കാരണം വർത്തമാനത്തിലും പെരുമാറ്റത്തിലും വന്നുപെട്ട ഏങ്കോണിപ്പ് എല്ലാവരും ശ്രദ്ധിച്ചു.*

*"മലപ്പുറം ജില്ല തന്നെ ഒരബദ്ധാ. ഈയെമ്മസ്സിന്റെ ഓരോ തോന്ന്യാസം!" അടുത്തിടെ കുഞ്ഞനന്തനെ ബാധിച്ച സങ്കടങ്ങളിൽ ഒന്ന് അതാണ്.*

*"അല്ലെങ്കിലും അയാക്ക് മുസ്‌ലിംകളോട് വല്ലാത്ത കൂറാ. തൊള്ളായിരത്തി ഇരുപത്തിയൊന്നിലെ മാപ്ലകൊയപ്പത്തെ അള്ളയാക്കിയതില് അയാക്കും ഒരു പങ്കു*

*ണ്ട്."*

*കുഞ്ഞനന്തന്റെ മുഖത്ത് വെറുപ്പിന്റെയും നിരാശയുടെയും ചിഹ്നങ്ങൾ.*

*"മതത്തിന് എന്തോ എടങ്ങേറ് പറ്റീറ്റ്ണ്ടെന്ന് വിചാരിച്ച് അയ്റ്റള് കത്തീം തോക്കു മെടുത്ത് കണ്ണിൽ കണ്ടവരെയെല്ലാം കൊന്നൊടുക്ക്യതാ സ്വാതന്ത്ര്യ സമരം! ഫൂ! എത്ര ഹിന്ദുക്കളെയാ അവൻമാര് കൊന്നു കളഞ്ഞെ! എത്രപേരെ കിഡ്നാപ്പ് ചെയ്ത് മതം മാറ്റിക്കളഞ്ഞു! കൊടുത്തയ്ന് കണക്കായിറ്റ് കിട്ടീന്, പട്ടാളക്കാര്ടെട്ത്ത്ന്. അതെന്നെ സമാധാനം!"*

*"ജാതീം താവഴീം മറന്ന് നമ്മള് ഹിന്ദുക്കള് സംഘടിച്ചില്ലെങ്കില് ഇനിയുള്ള കാലം ജീവിക്കാന്തന്നെ പ്രയാസായിരിക്കും."*

*"തുരുമ്പ് തൂറ്റുകയാ കമ്യൂണിസഷ്ടുകാര്. ഏകേജീം കൃഷ്ണപിള്ളേം ഇപ്പോ ഴുണ്ടായിരുന്നെങ്കില് ആറെസ്സെസ്സില് മെമ്പർഷിപ്പ് ചോയിച്ച് നടക്കായിരിക്കും."*

(*കഥ - മലബാർ സർക്കസ്* - ടി.പി വേണുഗോപാലൻ)

ദേശീയത എന്നത് ഫാഷിസത്തിന് അമ്മയുടെ ഗർഭപാത്രം പോലെ സുരക്ഷിതമായ ഒന്നാണ്. ന്യൂനപക്ഷങ്ങൾക്കാവട്ടെ ഒളിച്ചിരിക്കാൻ പറ്റിയ പാരമ്പര്യങ്ങളോ സംസ്കാരങ്ങളോ ഇന്ത്യയിലില്ല. ഹൈന്ദവമായൊരു മൂല്യമണ്ഡലത്തെ എക്കാലവും പ്രതിനിധാനം ചെയ്ത തദ്ദേശീയ ചരിത്രകാരന്മാർ ഇഷ്ടദാനം നൽകിയ മധ്യകാല നൂറ്റാണ്ടിന്റെ മാറാപ്പുകൾ പേറിക്കൊണ്ട് അവർ ഇന്നും കഴിഞ്ഞുകൂടുന്നു. സ്വന്തം സാംസ്കാരിക സ്വത്വവും ഭാഷയും ഓർമകളും നിഷേധിക്കപ്പെടുന്ന ഈ സമൂഹം അക്രമിയുടെ സംസ്കാരത്തെയും ജീവിത രീതിയെയും സ്വന്തമെന്ന മട്ടിൽ സ്വീകരിക്കാൻ നിർബന്ധിതമാവുന്നു. ഫാഷിസം ഏറ്റവുമധികം ശ്രദ്ധപതിപ്പിക്കുന്നത് സാംസ്കാരിക ഭൂമികയിലാണ്. കാരണം, രാഷ്ട്രീയ ഇടങ്ങളെ നിർവചിക്കുകയും സാധൂകരിക്കുകയും ചെയ്യുന്ന മൂല്യമണ്ഡലം പ്രവർത്തിക്കുന്നത് സാംസ്കാരിക രംഗത്താണ്. ഒരു സമൂഹത്തിന്റെ രാഷ്ട്രീയ പ്രയോഗങ്ങൾക്ക് അർഥം നൽകുന്നതും അവയെ സാധൂകരണ ക്ഷമമാക്കുന്നതും സാംസ്കാരിക വിചാരങ്ങളാണ്. ഈയൊരു സാംസ്കാരിക മണ്ഡലത്തെ 'കൾച്ചറൽ നാഷനലിസം' എന്ന ഭ്രാന്തൻ ചിന്തയിലേക്ക് വികസിപ്പിച്ചെടുത്തു എന്നേടത്താണ് ഇന്ത്യയിലെ ഫാഷിസത്തിന്റെ വിജയം. അവക്ക് എതിർ നിൽക്കുന്ന ജനവിഭാഗങ്ങളെയും സംസ്കാരത്തെയും എത്രമാത്രം മൂല്യവത്തും പാരമ്പര്യബദ്ധവുമായാൽ പോലും നിർദയം അത് അപരവൽക്കരിക്കുന്നു. പ്രബുദ്ധതയുടെ അക്ഷരക്കളരിയെന്ന് പുകഴ്പെറ്റ കേരളത്തിനകത്തും ഈ സാംസ്കാരിക കവാത്തുകളുടെ റിഹേഴ്സലുകൾ അവർ അവതരിപ്പിച്ച് പോരുന്നുണ്ട്. അതിന്റെ സമീപ നാളിലെ പ്രത്യക്ഷീകരണവും പേരുമത്രെ പ്രണയ മതപരിവർത്തനം എന്ന ഉമ്മാക്കി.

സംഘ്പരിവാർ മനസ്സ് ആര്യസമാജത്തിന്റെ ഓത്തുപുരകളിൽ മാത്രം പരിമിതപ്പെടുന്നുവെങ്കിൽ ജനാധിപത്യ സമൂഹത്തിന് അത് പ്രശ്നമില്ലായിരുന്നു. പക്ഷേ സമകാലിക ഫാഷിസം ഇതിനെ സാമൂഹിക ജീവിതത്തിന്റെ മതാത്മക മണ്ഡലത്തിനകത്തേക്ക് പടർത്തിവിട്ട് ഭീതിതമായൊരു സാംസ്കാരിക മേൽകോയ്മയാക്കി മാറ്റിയിരിക്കുന്നു. തെരഞ്ഞെടുപ്പിലെ ലാഭനഷ്ടങ്ങൾക്കപ്പുറം വലിയൊരു രാഷ്ട്രീയ മൂലധനമായിക്കൊണ്ട് സവർണ സംസ്കാരത്തെ ഉപയോഗപ്പെടുത്താൻ അവർക്ക് സാധിച്ചിട്ടുണ്ട്. തന്മൂലം രാഷ്ട്രീയമായി അവർ തോൽക്കുമ്പോഴും സാംസ്കാരികമായി അവർ ജയിച്ചുകൊണ്ടിരിക്കുകയാണ്. ഇത് ഫാഷിസം സാംസ്കാരിക രംഗത്ത് നേടിയെടുത്ത ഒരു അധീശത്വമാണ്. സാംസ്കാരികമായ ഈ സവർണ യുക്തികളിൽ പെട്ടുപോകുമ്പോഴാണ് സുകുമാർ അഴീക്കോടിന്റെ ഭാഷക്ക് പി. പരമേശ്വരന്റെ

**‘ലഹളേ നീ തന്നെ പരിഷ്കർത്താവ്’ എന്ന് കുമാരനാശാൻ എഴുതിയപ്പോൾ ആ ഒരൊറ്റ വരിയിൽ ഇരമ്പിയത് കേരളീയ നവോത്ഥാനത്തിന്റെ ചരിത്രം മുഴുവനാണെങ്കിൽ അതേ നവോത്ഥാനത്തെ മറ്റൊരുതരത്തിൽ ജ്വലിപ്പിച്ചത് മതംമാറ്റവും മതംമാറുമെന്ന ഭീഷണിയുമാണ്. താനെന്ന വ്യക്തിയുടെയും തങ്ങളെന്ന സമുദായത്തിന്റെയും വിമോചനത്തിന്റെ സാധ്യതകൾ അംബേദ്കർ നേടിയത് ബുദ്ധമതത്തിലേക്കുള്ള വഴിമാറി നടക്കലിലൂടെയായിരുന്നു.**



■ വിവേകാനന്ദൻ



■ സുകുമാർ അഴീക്കോട്

ഭാഷാചുവയുണ്ടാകുന്നത്.

*നീർമാതള ഭൂമിയിൽ വേണമായിരുന്നു മാധവിക്കുട്ടിയെ സംസ്കരിക്കാൻ. അതവരുടെ കാവ്യനീതിയാണ്. അവർ മുസ്‌ലിമായതിനാൽ ആചാരപരമായ ചടങ്ങുകളിൽ പെട്ടുപോവുകയായിരുന്നു. വലിയൊരെഴുത്തുകാരിയുടെ ആത്മാഭിലാഷങ്ങളായിരുന്നു ഇവിടെ ഹനിക്കപ്പെട്ടത്. മതത്തെ പറ്റിയുള്ള ചിന്തകൊണ്ടല്ല അവർ മതംമാറിയത്. മറ്റൊരു മതത്തിൽ പെട്ടയാൾ ചില പ്രലോഭനങ്ങൾ നൽകി മാറ്റുകയായിരുന്നു. മതംമാറ്റം അവരുടെ വിശ്വാസങ്ങളെയൊന്നും മാറ്റിയിരുന്നില്ല. കറുത്ത വസ്ത്രം അവർക്ക് വെറും മേൽവസ്ത്രം മാത്രമായിരുന്നു. പൂനെയിൽ ചെന്നതോടെ അതും അവർ ഉപേക്ഷിച്ചിരുന്നു. മതംമാറ്റ സമയത്ത് എനിക്കവരോട് സൗഹാർദമുണ്ടായിരുന്നെങ്കിൽ അവരതിന് തയാറാവില്ലായിരുന്നുവെന്ന് ഞാൻ കരുതുന്നു. യഥാർഥത്തിൽ മാധവിക്കുട്ടി ചതിക്കപ്പെടുകയായിരുന്നു.*

*നീർമാതളവും സർപ്പക്കാവും കുളവുമെല്ലാമുള്ള പുന്നയൂർക്കുളത്തെ ഭൂമിയിൽ മാധവിക്കുട്ടിയുടെ ഒരു പ്രതിമ വെക്കണം. കമലാസുറയ്യയുടെ പ്രതിമയല്ല വെക്കേണ്ടത്. കാരണം, അവരുടെ യഥാർഥ സൗഭാഗ്യം മാധവിക്കുട്ടിയുടെ കാലത്താണ്. പ്രതിമ അവിടെ വന്നാൽ മാധവിക്കുട്ടി തിരുവനന്തപുരത്തല്ല പുന്നയൂർക്കുളത്തുതന്നെയാണെന്നു ലോകം മനസ്സിലാക്കും. എല്ലാറ്റിനുമപ്പുറം ശ്രീകൃഷ്ണ വിചാരമുള്ള സ്ത്രീയായിരുന്നു അവർ. മിരിക്കുംവരെ അവർ അങ്ങനെ തന്നെയായിരുന്നു. അതില്ലാത്ത മാധവിക്കുട്ടി സർഗാത്മകത നഷ്ടപ്പെട്ടവളായിരുന്നു. അതുകൊണ്ടാണ് കൃഷ്ണചൈതന്യവും സ്മൃതിയുമെല്ലാം അലിഞ്ഞു ചേർന്ന നീർമാതള ഭൂമിയിൽ തന്നെ മാധവിക്കുട്ടിയെ സംസ്കരിക്കേണ്ടിയിരുന്നുവെന്ന് പറയുന്നത്.*

(സുകുമാർ അഴീക്കോട്, *ഭാഷാപോഷിണി* ജൂലൈ 2009).

## മതംമാറ്റങ്ങളുടെ രാഷ്ട്രീയം

*വീടിന് പുറത്തേക്ക് നടക്കുന്ന രാധ. പടിയിറങ്ങുമ്പോൾ മുറ്റത്ത് കണ്ടൻകുട്ടിയെ കാണുന്നു. രാധയെ കണ്ടിട്ടെന്നവണ്ണം തലേക്കെട്ടഴിക്കുന്ന കണ്ടൻകുട്ടി. തല മൊട്ടയടിച്ചത് കണ്ട് അത്ഭുതത്തോടെ നോക്കുന്ന രാധ.*

*രാധ : "കണ്ടൻകുട്ടി....?"*

*കണ്ടൻ : "അല്ല ..... എന്റെ പേരിപ്പോ മൊഹമ്മദ്ന്നാ..."*

*രാധ : "അപ്പോ നിയ്യ്....?"*

*കണ്ടൻ : "മുടി കളഞ്ഞപ്പം ഏന് തലയുയർത്തി നടക്കാം..."*

*വാതിൽ തുറന്നുവരുന്ന ലക്ഷ്മി. അകത്ത് അത് ശ്രദ്ധിക്കുന്ന അപ്പുണ്ണി തമ്പുരാനും കൂട്ടരും.*

*കണ്ടൻ : "കോലോത്തെ തൊഴുത്തിലെ കന്നാലീന്റെ ചേല്ക്കല്ലെ.... മന്ച്ചനായിട്ട്.... ഏൻ വന്നത് എന്റെ പെണ്ണിനെ വിളിക്കാനാ.... ലക്ഷ്മി .... വാ...."*

*തലതാഴ്ത്തുന്ന ലക്ഷ്മി.*

*കണ്ടൻ : "എറങ്ങി വരാൻ...."*

*ലക്ഷ്മി : "ഇല്ല.... ഏൻ വര്ണില്ല..."*

*കണ്ടൻ : "പേടിക്കണ്ട, ഏൻ നിന്റെ കാത് കുത്തി ചുട്ടി വെയ്ക്കും..... തലയില് തട്ടം ഇടീക്കും..... എനി ഒരു തമ്പ്രാക്കളും പാതിരാക്ക് കയറിവന്ന് അന്നെ പൊക്കിയെടുത്തോണ്ട് പോവൂല്ല..... മാനം കെടുത്തൂല. വാ...." (തിരക്കഥ 1921 -ടി. ദാമോദരൻ).*

കർമത്തെക്കാൾ ജന്മത്തിന് അപ്രമാദിത്യം നൽകപ്പെടുന്ന ഒരു ലോകത്താണ് മതംമാറ്റത്തിന്റെ കനലുകൾ പാരമ്പര്യബോധങ്ങളുടെ അകക്കാമ്പിനെ പൊള്ളിക്കുന്നത്. മതപരിവർത്തനവും മതപ്രചാരണവും മതത്തിൽ തന്നെ വിശ്വസിക്കാതിരിക്കലും ജന്മാവകാശമാവുമ്പോഴേ നമ്മുടെ ജനാധിപത്യം മാനവികതയുടെ കൂടെപ്പിറപ്പാവുകയുള്ളൂ. ഭരണഘടന തത്ത്വത്തിലും ജനാധിപത്യം പൂർണാർഥത്തിലും അനുവദിച്ച മതപരിവർത്തനത്തിനുള്ള സ്വാതന്ത്ര്യം മതവിഭാഗങ്ങൾക്ക് പരസ്പരം കുതിരകയറാനുള്ള ആയുധമാക്കരുത്. കേരളത്തിന്റെ സാംസ്കാരിക നവോത്ഥാന ചരിത്രത്തിൽ മതപരിവർത്തനം നിർവഹിച്ച പങ്കിനെ വിസ്മരിക്കുന്നവർ ആത്യന്തികമായി പൗരാവകാശങ്ങളെയാണ് പുച്ഛിക്കുന്നത്. നാവികസേനക്കായി ജീവൻ ബലി നൽകാൻ തയാറുള്ള വിദഗ്ധന്മാരെ വളർത്താനുള്ള ഉദ്ദേശ്യത്തോടെ മുക്കുവ കുടുംബങ്ങളോട് അവരുടെ ആൺമക്കളിലൊരാളെ മുസ്ലിമായി വളർത്തണം എന്ന് പ്രഖ്യാപിക്കുന്ന സാമൂതിരിയുടെ പൈതൃകം നമ്മുടെ കേരളീയ സംസ്കൃതിക്കുണ്ട്. ഇതുപോലെ കാലാകാലമായുള്ള മതംമാറ്റങ്ങളുടെ ബലതന്ത്രങ്ങളുടെ നിയമങ്ങൾ പരിശോധിക്കുമ്പോൾ വ്യക്തിപരവും സാമൂഹികവുമായ ഉന്നമനവും പുരോഗതിയും പലപ്പോഴും ലക്ഷ്യമായി വർത്തിച്ചിട്ടുണ്ട്. കൂടാതെ മതപരിവർത്തനം എപ്പോഴും നടന്നിട്ടുള്ളത് കെ.പി രാമനുണ്ണി നിരീക്ഷിക്കുന്നതുപോലെ ജീർണോന്മുഖമായ സമുദായത്തിൽനിന്ന് താരതമ്യേന ഊർജസ്വലവും ഉൽകർഷേഛുവുമായ സമുദായത്തിലേക്കായിരുന്നു. 'ലഹളേ നീ തന്നെ പരിഷ്കർത്താവ്' എന്ന് കുമാരനാശാൻ എഴുതിയപ്പോൾ ആ ഒരൊറ്റ വരിയിൽ ഇരമ്പിയത് കേരളീയ നവോത്ഥാനത്തിന്റെ ചരിത്രം മുഴുവനാണെങ്കിൽ അതേ നവോത്ഥാനത്തെ മറ്റൊരുതരത്തിൽ ജ്വലിപ്പിച്ചത് മതംമാറ്റവും മതംമാറുമെന്ന ഭീഷണിയുമാണ്. താനെന്ന വ്യക്തിയുടെയും തങ്ങളെന്ന സമു

ദായത്തിന്റെയും വിമോചനത്തിന്റെ സാധ്യതകൾ അംബേദ്കർ നേടിയത് ബുദ്ധമതത്തിലേക്കുള്ള വഴിമാറി നടക്കലിലൂടെയായിരുന്നു.

ആചാരങ്ങളുടെ നീർച്ചുഴിയിൽപെട്ട് ശ്വാസംമുട്ടുന്ന ഒരു തലമുറ സകല ആചാരങ്ങളെയും അറുത്തു മുറിക്കുന്ന ഒരു ആയുധം കിനാവു കാണുക എന്നത് സ്വാഭാവികമാണ്. 'ഞാൻ ഹിന്ദുവായി ജനിച്ചു. എന്നാൽ ഒരിക്കലും ഹിന്ദുവായി മരിക്കില്ല' എന്ന് അംബേദ്കറിന് പറയാൻ കഴിയുന്നത് ഈ സ്വപ്ന ലോകത്ത് വസിക്കുമ്പോഴാണ്. കീഴാളർ സ്വന്തത്തെ ആവിഷ്കരിക്കാൻ സ്വീകരിച്ച ആദ്യകാല സമരരൂപങ്ങളിലൊന്നായിരുന്നു മതംമാറ്റം. മിഷനറിമാർ താഴ്ന്ന ജാതിക്കാരെ തേടുകയല്ല, താഴ്ന്ന ജാതിക്കാർ മിഷനറിമാരെ തേടുകയാണ് ചെയ്തിരുന്നതെന്ന് റോബിൻ ജെഫ്രി *നായർ മേധാവിത്വത്തിന്റെ പതനം* എന്ന കൃതിയിൽ പറയുന്നുണ്ട്. ആചാരങ്ങളുടെ തടവറയിൽ കിടന്ന് ഊർധ്വശ്വാസം വലിച്ച കേരളീയ സമൂഹത്തോട് പത്തൊമ്പതാം നൂറ്റാണ്ടിന്റെ അന്ത്യത്തിൽ വിവേകാനന്ദൻ പ്രസംഗിക്കുന്നത് ഇതുപോലെ ആത്യന്തം പ്രസക്തമാണ്.

*"മലബാറിൽ ഞാൻ കണ്ടതിനേക്കാൾ കവിഞ്ഞ വിഡ്ഢിത്തം ഇതിനു മുമ്പ് ലോകത്തെവിടെയെങ്കിലും ഉണ്ടായിരുന്നോ? സവർണർ നടക്കുന്ന തെരുവുകളിൽ കൂടി പാവപ്പെട്ട പറയന് നടന്നുകൂട. പക്ഷേ, സങ്കീർണമായ ഒരു ഇംഗ്ലീഷ് പേര് അല്ലെങ്കിൽ ഒരു മുഹമ്മദീയന്റെ പേര് സ്വീകരിച്ചാൽ മതി എല്ലാം ഭദ്രമായി. ഈ മലബാറുകാരെല്ലാം ഭ്രാന്തന്മാരാണ്, അവരുടെ വീടുകളത്രയും ഭ്രാന്താലയവും."*

മതംമാറ്റത്തിന്റെ ഈ താവഴിയിൽ വായന നടത്താൻ നമ്മുടെ മുഖ്യധാര ഭയപ്പെടുന്നതിന്റെ കാരണം, ആധുനികതയുടെ സവർണ മൂല്യമണ്ഡലത്തിനകത്ത് അത് പെട്ടുപോയിരിക്കുന്നു എന്നതു കൊണ്ടാണ്. ആധുനിക നവോത്ഥാനത്തിന്റെയും യുക്തിവിചാരത്തിന്റെയും പിൻബലത്തിൽ അലയടിച്ചുയർന്ന മതംമാറ്റത്തെ ഇതേ ആധുനികത പുറംകാൽവെച്ച് തൊഴിച്ച്തെറിപ്പിക്കാൻ കാരണം, പിൽക്കാലത്ത് അത് സ്വാംശീകരിച്ചത് സവർണതയുടെ മൂല്യസംസ്കാരത്തെയാണ് എന്നതുകൊണ്ടാണ്. തന്മൂലം ശുദ്ധപൈതൃകത്തിന്റെയും കലർപ്പേശാത്ത സാംസ്കാരിക തനിമയുടെയും കൊടിക്കൂറക്ക് കീഴിൽ അറിഞ്ഞോ അറിയാതെയോ നമ്മുടെ മതേതരത്വ ശിങ്കങ്ങളും അണിചേർക്കപ്പെട്ട് പോയിരിക്കുന്നു. ■